**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തുളു അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ തുളു അക്കാദമിക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ 2020-21, 2021-22 വർഷങ്ങളിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; | (ബി) | സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2019-20 വർഷം പദ്ധതി വിഹിതമായി 12,00,000/- രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചിരുന്നുവെങ്കിലും ടി തുക സ്ഥാപനത്തിന് കൈമാറിയത് 2020-21 സാമ്പത്തിക വർഷമാണ്. 2021-22 സാമ്പത്തിക വർഷം ടി സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 5,00,000/-രൂപയും (അഞ്ച് ലക്ഷം രൂപ മാത്രം) സ്ഥാപനത്തിലെ ചെയർമാന് ഓണറേറിയമായി 3,60,000/-രൂപയും (മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപാ മാത്രം) 2205-00-102-77-57 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തിക ബുദ്ധിമുട്ടുമൂലം പ്രസ്തുത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | തുളു അക്കാദമിയ്ക്ക് പ്രവർത്തന ഫണ്ട്, ബിൽഡിംഗ് ഫണ്ട് എന്നിവ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധ രേഖകൾ ഹാജരാക്കാൻ സ്ഥാപനത്തോടാവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലെന്ന് സാംസ്കാരികവകുപ്പദ്ധ്യക്ഷൻ അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | 15.08.2022 തീയതിയിലെ സ.ഉ.(സാധാ) നം.484/2022/സാം.കാ.വ പ്രകാരം കേരള തുളു അക്കാദമിയുടെ ഭരണസമിതി പുനഃ:സംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ